## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6004 — 04.07.2019 -ൽ മറുപടിയ്ക്ക്

## ധനുസ്സ് പദ്ധതി

| **ചോദ്യം**<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **ഉത്തരം**<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ബിരുദ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ഇന്ത്യയിലെ മികച്ച സർവ്വകലാശാലകളിലും, കോളേജുകളിലും ഉപരി പഠനത്തിന് അവസരം ലഭിക്കുന്നതിന് സഹായകമായ ധനുസ്സ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക് സഹായത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേനയാണ് ധനുസ്സ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലും ഉള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് വേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയാണ് 'ധനുസ്സ്'. കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് ദേശീയ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ-ഗവേഷണ കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കാൻ മൂന്നു വർഷം നീണ്ടു നിൽക്കുന്ന സൗജന്യ പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പരീക്ഷണാർത്ഥം കോഴിക്കോട് ജില്ലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിജയകരമാണെന്ന് കണ്ടാൽ മറ്റു ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നത് ആലോചനയിലുണ്ട്. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിലെ മാർക്ക്, പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. |

**സെക്ഷൻ ഓഫീസർ**